**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം. 1549

02/07/2015-ൽ മറുപടിയ്ക്ക്

## സുരക്ഷിത പച്ചക്കറി അതോറിറ്റി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. പാലോട് രവി<br>ശ്രീ. ലൂഡി ലൂയിസ് | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| എ) | ഇറക്കുമതി ചെയ്യുന്ന പച്ചക്കറികളിൽ കീടനാശിനി ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ഇനങ്ങളിലാണെന്ന് വിശദമാക്കാമോ; | എ) | ഇറക്കുമതി ചെയ്യുന്ന പച്ചക്കറികളിൽ കീടനാശിനി അവശിഷ്ടങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഏറ്റവും പുതിയ പരിശോധനാ റിപ്പോർട്ട് പ്രകാരം പുതിനയില, കറിവേപ്പില, പയർ, പച്ചമുളക് തുടങ്ങിയ നാല് ഇനം പച്ചക്കറികളിൽ നിഷ്കർഷിച്ചിരിയ്ക്കുന്ന പരിധിക്ക് മുകളിൽ വിഷാംശം കണ്ടെത്തിയിട്ടുണ്ട്. |
| ബി) | സുരക്ഷിതമായ പച്ചക്കറികൾക്കായി അതോറിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; പ്രസ്തുത അതോറിറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കാമോ; കീടനാശിനി പരിശോധിക്കുന്നതിനുള്ള സംവിധാനം അവയിലുണ്ടാകുമോയെന്നറിയിക്കുമോ; | ബി) | ബഹു മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആരോഗ്യവകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിൽ 18.11.2014 ൽ വിളിച്ചുചേർത്ത യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അന്യസംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് കൊണ്ടുവരുന്ന പഴങ്ങളിലെയും പച്ചക്കറികളിലെയും അമിതമായ കീടനാശിനികളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനായി ഭക്ഷ്യസുരക്ഷാ കമ്മീഷണർ ചെയർപേഴ്സനായും കൃഷി, മൃഗസംരക്ഷണം എന്നീ വകുപ്പുകളിലെ ഡയറക്ടർമാർ, വെള്ളായണി കാർഷികകോളേജിലെ പ്രൊഫ.ഡോ. ബിജുതോമസ് മാത്യു, വാണിജ്യനികുതി വകുപ്പ് ജോയിന്റ് കമ്മീഷണർ എന്നിവർ അംഗങ്ങളായും ഒരു ഉന്നതതല സമിതി സർക്കാർ ഇതിനകം രൂപീകരിച്ചിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നും സംസ്ഥാനത്തേക്ക് കൊണ്ടുവരുന്ന അമിതമായ കീടനാശിനികൾ അടങ്ങിയതുൾപ്പെടെയുള്ള വിഷലിപ്തമായ പഴം, പച്ചക്കറികൾ തടയുക, കൃത്യമായ പരിശോധനകൾ നടത്തുക എന്നീ വിഷയത്തിന്മേലുള്ള നടപടികൾ ഉന്നതതല അധികാര സമിതി തീരുമാനിക്കുന്നതാണ്. |

| | | | |
|---|---|---|---|
| സി) | വെള്ളായണി കാർഷിക സർവ്വകലാശാലയിലെ കീടനാശിനി പരിശോധനാ ഫീസ് ഭീമമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഫീസ് കുറയ്ക്കാൻ നടപടി സ്വീകരിക്കുമോ; | സി) | കൃഷി വകുപ്പിന്റെ ശുപാർശയോടുകൂടി വരുന്ന കർഷകരുടെ സാമ്പിളുകൾ സൗജന്യമായി പരിശോധിക്കുന്നു. എന്നാൽ സ്വകാര്യ സാമ്പിളുകൾക്ക് 2500/- രൂപ മുതൽ 8000/- രൂപ വരെ പരിശോധന ഫീസ് ഈടാക്കുന്നുണ്ട്. ആയത് കുറയ്ക്കുവാൻവേണ്ട നിർദ്ദേശം നൽകുന്നകാര്യം പരിശോധിക്കുന്നതാണ്. |
| ഡി) | കീടനാശിനി ചേർത്ത പച്ചക്കറികളുടെ ഇറക്കുമതി തടയാൻ ഓരോ ചെക്ക് പോസ്റ്റ് കേന്ദ്രീകരിച്ചും പരിശോധനാ കേന്ദ്രങ്ങൾ തുടങ്ങുമോ; വിശദമാക്കുമോ; | ഡി) | സംസ്ഥാനത്തേക്ക് വരുന്ന പഴം, പച്ചക്കറി ലോറികളുടെ വിശദാംശങ്ങൾ വാണിജ്യനികുതി വകുപ്പിന്റെ സഹായത്തോടുകൂടി ശേഖരിക്കുവാൻ നടപടി ഇതിനകം സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 2015 ജൂലൈ മുതൽ സംസ്ഥാനത്തേക്ക് പഴം, പച്ചക്കറി എന്നിവകൊണ്ടുവരുന്ന എല്ലാ വാഹനങ്ങൾക്കും ഭക്ഷ്യസുരക്ഷാ രജിസ്ട്രേഷൻ നിർബന്ധമാക്കുവാനും തീരുമാനിച്ചിട്ടുണ്ട്. പുതിയതായി സംസ്ഥാനത്ത് ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുള്ള മൂന്ന് മൊബൈൽ അനലറ്റിക്കൽ ലാബുകളുടെ സേവനവും ചെക്ക് പോസ്റ്റ് കേന്ദ്രീകരിച്ച് പരിശോധന നടത്തുന്നതിനായി ഉപയോഗപ്പെടുത്തുന്ന കാര്യവും പരിശോധിക്കുന്നതാണ്. |
| ഇ) | പച്ചക്കറികളിലെ കീടനാശിനി പരിശോധിക്കുന്ന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | ഇ) | ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ